**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2872** **10-03-2025 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ കാട്ടാനശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിലെ വിവിധ മേഖലകളിൽ കാട്ടാനശല്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ വനമേഖലയോട് ചേർന്നു വരുന്ന ചില പ്രദേശങ്ങളിൽ കാട്ടാനയുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ജില്ലയിൽ ആന, പുലി തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണത്തെ പ്രതിരോധിക്കാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | മനുഷ്യ- വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി പാലക്കാട് ജില്ലയിലെ വിവിധ വനം ഡിവിഷനകളിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1)“മിഷൻ സോളാർ ഫെൻസിംഗ്” ന്റെ ഭാഗമായി 186.58 കി.മീ. സോളാർ ഫെൻസുകൾ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തക്ഷമമാക്കിയിട്ടുണ്ട്.<br><br>2)നെന്മാറ ഡിവിഷനിൽ MRMAC പദ്ധതിയിലുൾപ്പെടുത്തി 12.04 കി.മീ. ദൈർഘ്യത്തിൽ സൗരോർജ്ജവേലിയും മംഗലംഡാം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ മായാണ്ടിക്കുന്ന് മുതൽ ചെല്ലിക്കയം വരെ 3 കി.മീ. ദൈർഘ്യത്തിൽ സൗരോർജ്ജ തൂക്കുവേലിയും, NABARD Tranche XXVIII പദ്ധതിയിലുൾപ്പെടുത്തി കൊല്ലങ്കോട് റെയിഞ്ചിൽ 9 കി.മീ. സൗരോർജ്ജ തൂക്കുവേലിയും, NABARD Tranche XXIX പദ്ധതിയിലുൾപ്പെടുത്തി കൊല്ലങ്കോട്, ആലത്തൂർ, നെല്ലിയാമ്പതി എന്നീ റെയിഞ്ചുകളിൽ 15 കി.മീ. സൗരോർജ്ജ തൂക്കുവേലിയും എന്നിങ്ങനെ ആകെ 27.00 കി.മീ. ദൈർഘ്യത്തിൽ സൗരോർജ്ജതൂക്കുവേലി നിർമ്മിക്കുകയും ആയതിന്റെ അറ്റകുറ്റ പണികൾ നടത്തി പരിപാലിച്ച് വരുന്നു.<br><br>3)NABARD Tranche XXIX പദ്ധതിയിലുൾപ്പെടുത്തി കൊല്ലങ്കോട്,ആലത്തൂർ, നെല്ലിയാമ്പതി എന്നീ റെയിഞ്ചുകളിൽ 18 കി.മീ. സൗരോർജ്ജ വേലിയുടെ നിർമ്മാണം, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ മുതലമട, കൊല്ലങ്കോട് എന്നീ ഗ്രാമപഞ്ചായത്തുകളുടെയും പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ സംയക്ത |

സാമ്പത്തിക സഹായത്തോട കൊല്ലങ്കോട് റെയ്ഞ്ചിന് കീഴിൽ 13 കി.മീ. സൗരോർജ്ജ തൂക്കുവേലിയുടെ നിർമ്മാണം, കൃഷി വകുപ്പിന്റെ RKVY പദ്ധതിയിലുൾപ്പെടുത്തി നെല്ലിയാമ്പതി, ആലത്തൂർ, റെയ്ഞ്ചുകളിലെ 10 സ്ഥലങ്ങളിൽ 26.25 കി.മീ. സൗരോർജ്ജ തൂക്കുവേലിയുടെ നിർമ്മാണം എന്നിങ്ങനെ ആക 57.25 കി.മീ. സൗരോർജ്ജ തൂക്കു വേലിയുടെ നിർമ്മാണം പുരോഗമിച്ച് വരുന്നുണ്ട്.

4)മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ഡിവിഷൻ തലത്തിൽ ഒരു ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെൻററർ ആരംഭിച്ചിട്ടുണ്ട്.

5)പാലക്കാട് ഡിവിഷന് കീഴിൽ 89. 56 കിലോമീറ്റർ സോളാർ ഫെൻസിംഗ്, 4.66 കിലോമീറ്റർ എലിഫെൻറ്പ്രൂഫ് ട്രെഞ്ച്, 17 കിലോമീറ്റർ ഹാങ്്ങിംഗ് ഫെൻസ്, 270 മീറ്റർ എലിഫെൻറ് പ്രൂഫ് വാൾ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

6) NABARD Tranche XXIII പദ്ധതിയിൽ ഉൾപ്പെടുത്തി 13.5 കി.മീ. ദൂരത്തിൽ സൗരോർജ്ജ തൂക്കു വേലി നിർമ്മിക്കുന്ന പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നുണ്ട്.

7)മണ്ണാർക്കാട് ഡിവിഷന് കീഴിൽ 96.40 കി.മീ. സൗരോർജ്ജവേലിയും,7.44 കി.മീ. ആന പ്രതിരോധകിടങ്ങും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 21.00 കി.മീ. സൗരോജ്ജ തൂക്കുവേലി പൂർത്|തിയായിട്ടുള്ളതാണ്.

8) നെന്മാറ, മണ്ണാർക്കാട്, പാലക്കാട് എന്നീ ഡിവിഷനുകളിൽ 3 സ്ഥിരം ദ്രുതകർമ്മ സേനകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

9) വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി ഭക്ഷണ ലഭ്യതയും, ജല ലഭ്യതയും വനത്തിൽ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി കുളങ്ങളുടെ നിർമ്മാണം, ചെക്ക് ഡാമുകൾ, ബ്രഷ് വുഡ് ചെക്ഡാമുകൾ എന്നിവയുടെ നിർമ്മാണം നിലവിലുള്ള ജലസ്രോതസ്സുകളുടെ അറ്റകുറ്റ പണികൾ എന്നിവയും നടത്തിവരുന്നുണ്ട്.

10)കുങ്കിയാനയുടെ സേവനം പാലക്കാട് ഡിവിഷനു കീഴിൽ ഉപയോഗപ്പെടുത്തിവരുന്നുണ്ട്.

11) ആനയുടെ സാന്നിധ്യം പ്രദേശവാസികളെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലർട്ട്

| | | | |
|---|---|---|---|
| | | | സിസ്റ്റം നിലവിലുണ്ട്.<br><br>12)ഫീൽഡ് സ്റ്റാഫ് പകലും രാത്രിയിലുമായി പട്രോളിംഗ് നടത്തിവരുന്നുണ്ട്.<br><br>13) ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നുണ്ട്. |
| (സി) | ജില്ലയിലെ വനം വകുപ്പിന് ആവശ്യമായ വാഹനങ്ങൾ ഉൾപ്പടെയുള്ള സുരക്ഷാ ഉപകരണങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ഡിവിഷനിലെ വാളയാർ റയിഞ്ചിലേയ്ക്ക് ബഹു. മലമ്പുഴ എം.എൽ.എ. യുടെ ഫണ്ടിൽ നിന്നും ഒരു വാഹനം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ദ്രുതകർമ്മ സനയ്ക്കായി പുതിയൊരു വാഹനവും, മറ്റു സുരക്ഷാ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾസ്വീകരിച്ചുവരുന്നുണ്ട്. മണ്ണാർക്കാട് ഡിവിഷനിൽ ബഹു. മണ്ണാർക്കാട് എം.എൽ.എ. യുടെ ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് പുതൂർ ആർ.ആർ.ടി. യിലേയ്ക്ക് ഒരു വാഹനം വാങ്ങിയിട്ടുണ്ട്. ജനവാസ മേഖലകളിൽ പാമ്പുകളെ പിടികൂടുന്നതിനായി നെന്മാറ 4എണ്ണം, പാലക്കാട് - 4 എണ്ണം, മണ്ണാർക്കാട് - 3 എണ്ണം എന്നിങ്ങനെ പ്രത്യേകം രൂപകൽപ്പന ചെയ്ത ഇരുചക്രവാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ